(ഡി) നൂൽ കാണാതായതുമായി ബന്ധപ്പെട്ട് ലൈല ഫാത്തിമ മേരി, ഫാർമസിസ്റ്റ്, വിജയൻ, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ശ്രീ. പി.ഡി. കൃഷ്ണ രാജ്, സ്റ്റോർ സൂപ്രണ്ട് എന്നിവരെയും, പെത്തിഡിൻ ഇൻജക്ഷൻ കാണാതായ തുമായി ബന്ധപ്പെട്ട് ശ്രീ. കെ.എൻ. വിൽസൺ, സ്റ്റോർ സൂപ്രണ്ട് എന്നയാ ളെയും സസ്പെന്റ് ചെയ്ത് അച്ചടക്കനടപടികൾ തുടർന്നുവരുന്നു. അച്ചടക്ക നടപടിക്ക് വിധേയമായി ആദ്യത്തെ മൂന്നു പേർ പിന്നീട് സർവ്വീസിൽ തിരിച്ചെ ടുക്കുകയും ചെയ്തിട്ടുണ്ട്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

151(893)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നടന്ന നിയമനങ്ങളിൽ ക്രമക്കേട് നടന്നതായി പരാതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തസ്തികയിൽ സ്ത്രീകളെ നിയമിക്കാൻ വ്യവസ്ഥ യുണ്ടോ;

(സി) സ്ത്രീകൾ ഈ തസ്തികയിൽ ജോലി നോക്കുന്നുണ്ടോ;

(ഡി) ഈ തസ്തികയിലേക്ക് സർക്കാർ തെരഞ്ഞെടുത്ത് പരിശീലനം നല്കുന്നതിൽ സ്ത്രീകൾ ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) അന്യസംസ്ഥാനങ്ങളിൽ നിന്നും നേടുന്ന ഡിപ്ലോമ സർട്ടിഫിക്കറ്റ് ഈ നിയമനത്തിന് മതിയായ യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഈ യോഗ്യതയുള്ളവർ ആരെങ്കിലും ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അവരെ നിയമിച്ചതിന്റെ മാനദണ്ഡം വെളിപ്പെടു ത്തുമോ;

(ഐ) ഈ വിഭാഗത്തിൽപ്പെടുന്ന ആരെയെങ്കിലും സ്ഥിരപ്പെടുത്തിയി ട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ജെ) സർക്കാർ തെരഞ്ഞെടുപ്പ് പരിശീലനം നല്കിയവരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(കെ) വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സെന്ററുകളിൽ ഓരോന്നിലും എത്ര സീറ്റുകൾ വീതമുണ്ടെന്ന് വെളിപ്പെടുത്തുമോ; ഓരോന്നിലും എത്രപേർ ഇപ്പോൾ ട്രെയിനിംഗ് നടത്തുന്നുണ്ട്?

ഉത്തരം

(എ) ക്രമക്കേടുകൾ നടന്നു എന്ന് ആരോപിച്ചുകൊണ്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകളെ നിയമനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ആരോഗ്യ വകുപ്പിലെ വിവിധ തസ്തികയിൽ നിന്നും നിശ്ചിത യോഗ്യതയുള്ള സ്ത്രീകളെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരിശീലനത്തിന് തെരഞ്ഞെടുക്കാറുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ആരോഗ്യ വകുപ്പ് തെരഞ്ഞെടുത്ത് പഠിച്ചവരുടെ അഭാവത്തിൽ ബോംബെയിലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവണ്മെന്റ് നടത്തുന്നതോ തതുല്യമായതോ ആയ സാനിട്ടറി ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് (ഡിപ്ലോമ) ഈ തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി.യും സർക്കാരും അംഗീകരിച്ചിട്ടുണ്ട്. ഈയോഗ്യതമാത്രം ഉള്ളവർ നിയമനത്തിനുശേഷം മൾട്ടി പർപ്പസ് വർക്കേഴ്സ് ട്രെയിനിംഗിന് പങ്കെടുക്കണമെന്ന് നിഷ്കർഷിക്കുന്നു.

(ജി)-(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ) സർക്കാർ തെരഞ്ഞെടുത്ത് പരിശീലനം നല്കിയതുകൊണ്ടു മാത്രം ആരെയും സ്ഥിരപ്പെടുത്തണമെന്നില്ല. എന്നാൽ ഈ വിഭാഗത്തിലുള്ളവർ സർക്കാർ ആവശ്യപ്പെടുന്നപക്ഷം 2 വർഷത്തെ സേവനം നടത്തണമെന്ന കരാർ ഉള്ളതുകൊണ്ടുമാത്രം ഇവരെ രണ്ടുവർഷം വരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നു. പിന്നീട് പിരിച്ചുവിടപ്പെടുന്നവർ പി.എസ്.സി. മുഖാന്തിരം നിയമനം നേടാവുന്നതാണ്.

(കെ) ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ സെന്ററുകളിൽ ഇപ്പോൾ ട്രെയിനിംഗ് നടത്തുന്നില്ല.

താല്ക്കാലിക നഴ്സുമാരെ സ്ഥിരപ്പെടുത്താൻ നടപടി

152(894) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ താല്കാലിക സ്റ്റാഫ് നഴ്സുമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി ആതുരശുശ്രൂഷ നടത്തുന്ന ഈ വിഭാഗം ജീവനക്കാർക്ക് നിശ്ചിത ശമ്പളമല്ലാതെ സ്ഥിരജീവനക്കാർക്കുള്ള മറ്റാനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) അഞ്ചുവർഷത്തിലേറെയായി താല്ക്കാലിക ജോലി നോക്കുന്നവർക്ക് ഇപ്പോൾ പഠിച്ചിറങ്ങുന്നവരുമായി മത്സരിച്ച് ടെസ്റ്റിൽ വിജയംവരിക്കാൻ ബുദ്ധിമുട്ടാണെന്ന് പരിഗണിക്കുമോ;

(ഇ) നിശ്ചിതവർഷം താല്ക്കാലിക സർവീസുള്ള താല്ക്കാലിക സ്റ്റാഫ് നഴ്സുമാരെ മാനുഷിക പരിഗണനയുടെ പേരിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly